# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26



# ഉള്ളടക്കം


1. ആമുഖം
2. ലഘുചരിത്രം
3. ലക്ഷ്യങ്ങൾ
4. വിദ്യാലയ മികവുകൾ
5. പദ്ധതി രൂപീകരണം - പ്രക്രിയ, ഘട്ടങ്ങൾ
6. ഉപസംഹാരം





## ആമുഖം

മാനന്തവാടി -പുതുശ്ശേരി ബസ്സിൽ യാത്ര  ചെയ്യുമ്പോൾ  അയിലമൂല,മൂളിത്തോട് പ്രദേശങ്ങൾ പിന്നിട്ടാൽ ഒരു മിന്നായം പാലെ നമ്മുടെ കാഴ്ചയിൽ  ഇടംപിടിക്കുന്ന ഒരു അസ്സൽ വയനാടൻ ഗ്രാമമാണ് വാളേരി.

ചരിത്ര പ്രസിദ്ധമായ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയവരെ കൊണ്ട് പ്രശസ്തി നേടിയ വാളേരി എന്ന ഗ്രാമത്തിൽ വികസനം എന്ന വാക്ക് തീർത്തും അപരിചിതമായിരുന്നു.എന്നാൽ 1980 ൽ അധികാരത്തിലെത്തിയ നായനാർ  സർക്കാർ വാളേരി ഒരു എൽ പി സ്കൂൾ അനുവദിക്കാൻ തീരുമാനമെടുത്തു.സ്കൂളിന് ആവശ്യമായ സ്ഥലം കുനിക്കര കുഞ്ഞിരാമൻ രാമൻ നായർ എന്ന മഹാമനസ്കൻ തന്റെ മകളുടെ ഓർമയ്ക്കായി സംഭാവന ചെയ്തു.

വയനാട് ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗവഃ ഹയർ സെക്കന്ററി സ്കൂൾ എടവക പഞ്ചായത്തിലെ കുനിക്കരച്ചാൽ എന്ന് പറയുന്ന സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെയും സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവരുമായ ജനവിഭാഗങ്ങങ്ങൾക്ക് വിദ്യാഭ്യാത്തിന് ഏക ആശ്രയമാണ് ഈ സരസ്വതിക്ഷേത്രം.  ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് അറിവിന്റെ വാതായനങ്ങൾ തുറന്ന് നൽകിയ ഈ വിദ്യാലയം അറിവിന്റെ പ്രകാശ ഗോപുരമായി ഇന്നും നിലനിൽക്കുന്നു. 1984 ആരംഭിച്ച വിദ്യാലയം 1990 യു.പി സ്കൂളായും 2011 ൽ ഹൈസ്കൂളായും 2014 ൽ ഹയർസെക്കന്ററി സ്കൂളായും ഉയർത്തപ്പെട്ടു.ഗ്രാമ-ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ഉപയാഗിച്ച്  മനാഹരമായ കെട്ടിടങ്ങൾ  സ്വന്തമാക്കാൻ സാധിച്ചു.വിശാലമായ ഗ്രൗണ്ട്,കമ്പ്യൂട്ടർ ലാബ് ,ബാസ്കറ്റ്ബോൾ ഗ്രൗണ്ട് എന്നിവ സ്കൂളിന്റെ പ്രത്യേകതയാണ്.പട്ടിക വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ഹോസ്റ്റൽ  സൗകര്യം ലഭ്യമാണ്.

കുട്ടികൾ നേരിടുന്ന മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനുള്ള പരിപാടികൾക്കാവണം പ്രഥമ പരിഗണന. അത് കേവലം മാനസികാരോഗ്യവുമായി ബന്ധപ്പെട്ട ഏതാനും ക്ലാസ്സുകളിലേക്ക് ചുരുങ്ങരുത്. ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സിലെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ പലതാണ്. അവരുടെ പ്രായത്തേയും മാനസികാവസ്ഥയേയും പരിഗണിച്ച് കൊണ്ടുള്ള പരിപാടികളുണ്ടാവണം. ഓരോ കുട്ടിയും വ്യത്യസ്ത അഭിരുചികളുള്ളവരാണ്. ആ വ്യത്യസ്തതകളെ പരിഗണിച്ച് കൊണ്ടുള്ളതാവണം പരിപാടികൾ.  അന്വേഷണം,  നിരീക്ഷണം പരീക്ഷണം,  സർഗ്ഗാത്മക പ്രവർത്തനങ്ങൾ

തുടങ്ങിയ സാധ്യതകൾ ഉൾപ്പെടുത്തി ഓരോ ക്ലാസ്സിനും അനുയോജ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കണം. കുട്ടികൾക്ക് സ്വയം ചെയ്ത് നോക്കാവുന്നതും കേട്ടും കണ്ടും ആസ്വദിക്കാവുന്നതുമായ പരിപാടികൾ ഉൾക്കൊള്ളിക്കണം

| **കുട്ടികളുടെ എണ്ണം** | | | | |
|---|---|---|---|---|
| **ക്ലാസ്സ്** | **ആൺ** | **പെൺ** | **ആകെ** | |
| **1A** | 4 | 4 | 8 | |
| **2A** | 7 | 4 | 11 | |
| **3A** | **3** | **6** | **9** | |
| **4A** | **2** | **5** | **7** | |
| **5A** | **6** | **11** | **17** | |
| **5B** | **5** | **11** | **16** | |
| **6** | **9** | **4** | **13** | |
| **7** | **8** | **14** | **22** | |
| **8A** | **10** | **26** | **36** | |
| **8B** | **6** | **7** | **13** | |
| **9** | **10** | **24** | **34** | |
| **10A** | **6** | **14** | **20** | |
| **10B** | **10** | **27** | **37** | |

# TEACHING AND NON- TEACHING STAFF

| SL NO | NAME | DESIGNATION |
|---|---|---|
| 1 | SAPNA A V | MEAD MISTRESS |
| 2 | MIDHUN | CLERK |
| 3 | ABDULLA K | OA |
| 4 | SANTHOSH | OA |
| 5 | MOIDU KUTTITHODUVIL | FTM |
| 6 | SHINY THOMAS | HST PHYSICAL SCIECE |
| 7 | ARUSHA K | HST BIOLOGY |
| 8 | SOUMYA K RAJU | HST MATHEMATICS |
| 9 | JESSY LOUISE | HST SOCIAL SCIENCE |
| 10 | SYED SABITH P | HST MALAYALAM |
| 11 | DHANYA P K | HST HINDI |
| 12 | SHIJI MATHEW | UPST |
| 13 | RAJEEV A T | UPST |
| 14 | JINCY KURIAKOSE | UPST |
| 15 | GASNA C A | UPST |
| 16 | ANU ASHOK | LPST |
| 17 | PRASIJA GODFRED | LPST |
| 18 | RUJINA C V | LPST |
| 19 | LINTA JOSE | LPST |
| 20 | REMYA E K | PRE PRIMARY TEACHER |
| 21 | THRESSIA K J | BRC(WE) |
| 22 | AMRUTHA K | COUNSELLOR |
| 23 | SANDINI | MENTOR TEACHER |
| 24 | JISHA MATHEW | SPECIAL EDUCATOR |
| 25 | JOHILA | CRCC |
| 26 | HARSHA REJI | GUEST TEACHER(ENGLISH) |
| 27 | AMMU | COOK |

# മികവ് - 2024-25

| SL NO | NAME | ITEM | GRADE | LEVEL |
|---|---|---|---|---|
| 1 | YADHU K A | SHEET METAL WORK | 2nd A | STATE LEVEL |
| 2 | THEERTHA AJEESH | WOOD CARVING | 1st A | DISTRICT LEVEL |
| 3 | RIYONA | ECONOMIC NUTRITIOUS FOOD ITEMS AND VEGETABLE FRUIT PRESERVATION ITEMS | 1st A | DISTRICT LEVEL |
| 4 | TESSA MARRY | STORY TELLING | A | SUBDISTRICT LEVEL |
| 5 | ANLIYA CHACKO | ACTION SONG | 2nd A | SUBDISTRICT LEVEL |
| 6 | NIRANJANA SANTHOSH | MALAYALAM POEM RECITATION | A | SUBDISTRICT LEVEL |
| 7 | NICE THERES | URDU POEM RECITATION | 2nd A | SUBDISTRICT LEVEL |
| 8 | SREELAKSHMI MANOJ | TAMIL POEM RECITATION | 2nd A | SUBDISTRICT LEVEL |
| 9 | KRISHNAJA AND TEAM | MANGALAM KALI | 1st A | SUBDISTRICT LEVEL |
| 10 | NICE THERES AND TEAM | GROUP SONG | 2nd A | SUBDISTRICT LEVEL |
| 11 | IZA JAISON AND TEAM | PATRIOTIC SONG | A | SUBDISTRICT LEVEL |
| 12 | NIVEDYA | KANNADA POEM RECITATION | A | SUBDISTRICT LEVEL |
| 13 | SREELAKSHMI SAJEEVAN | NMMSE | | |
| 14 | IZA JAISON | USS | | |
| 15 | ARPITHA P | USS | | |
| 16 | ADWIN SAI UMESH | USS | | |
| 17 | ANUSH P RAJESH | USS | | |
| 18 | RIJWAL JAMES | USS | | |
| 19 | ANAMIKA KS | SSLC | | |

# വിദ്യാലയ മികവുകൾ

# 100 % വിജയം

# പച്ചക്കറിത്തോട്ടം

# മാലിന്യ സംസ്കരണ സംവിധാനം

# സ്കൂൾ ലൈബ്രറി

# ബാസ്കറ്റ് ബോൾ കോർട്ട്

# ലോങ്ങ് ജംപ് പിറ്റ്

# ജെ ആർ സി

# സ്കൗട്ട്

# ലിറ്റിൽ കൈറ്റ്

# ലക്ഷ്യം

1.എല്ലാ കുട്ടികൾക്കും സൗഹൃദപരമായതും കുട്ടികളെ കേന്ദ്രീകരിച്ചിട്ടുള്ളതുമായ രീതിയിൽ പഠനവും പാഠ്യേതരപ്രവർത്തനങ്ങളും സംഘടിപ്പിക്കും.

2. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമായ പഠനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും നിരന്തര മൂല്യനിർണ്ണയം നടത്തി വിലയിരുത്തൽ പട്ടിക തയ്യാറാക്കുകയും ചെയ്യുക.

3. കുട്ടികൾ അതാതു ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു വെന്ന് ഉറപ്പു വരുത്തുക.

4. മികവ് 2025 LSS,USS,NMMS സ്കോളർഷിപ്പിനായി മികച്ച പരിശീലനം നൽകുക.

5. പഠനം ആയാസരഹിതവും ആഹ്ലാദകരവുമായ അനുഭവമാക്കി മാറ്റാൻ I C T സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തും.

6. കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കുന്ന തരത്തിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കും.

7. അക്ഷരദീപം പദ്ധതിയിലൂടെ എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി സംസാരിക്കാനും, വായിക്കാനും എഴുതാനും ഗണിതത്തിൽ അടിസ്ഥാനശേഷി കൈവരിക്കാനുമുള്ള പ്രവർത്തനങ്ങളും ഉറപ്പാക്കും.

8. കുട്ടിയുടെ പഠനതാത്പര്യത്തെയും വ്യക്തിത്വവികാസത്തെയും ത്വരിതപ്പെടുത്തുന്നതിനുള്ള പരിഹാരബോധന പ്രക്രിയയും നിരന്തര മൂല്യനിർണയപ്രക്രിയയും നടത്തും.

9.. അക്കാദമികമായ ഉണർവ്വ് ജനിപ്പിക്കുന്നതിൽ എല്ലാ അദ്ധ്യാപകരുടെയും അറിവിന്റെ സംഭാവനകൾ പരിഗണിക്കും.

10. പഠനത്തിൽ മുന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന, കോച്ചിംഗ് ക്ലാസ്സ് സംഘടിപ്പിക്കും.

11. ലൈബ്രറി വികസനം സാധ്യമാക്കും.(ക്ലാസ്സ് ലൈബ്രറി, ടീച്ചേഴ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി)

12. പഠനയാത്രകൾ സംഘടിപ്പിച്ച് കണ്ടും കേട്ടും നിരീക്ഷിച്ചും പഠനം ഉറപ്പാക്കും.

13. അദ്ധ്യാപകരുടെ I C T പ്രവർത്തനങ്ങൾ പഠനപ്രക്രിയ മെച്ചപ്പെടുത്താൻ ഉപയോഗിക്കും.

14. പുതിയ ടീച്ചിംഗ് എയ്ഡ്സ് നിർമിച്ച് പഠനപ്രക്രിയ എളുപ്പമാക്കും.

15. ശാസ്ത്രമേളകളിലും ക്ലബ് പ്രവർത്തനങ്ങളിലും സയൻസ് ലാബ് പ്രവർത്തനങ്ങളിലും പരമാവധി കുട്ടികളെ പങ്കെടുപ്പിച്ച് പഠനപ്രവർത്തനങ്ങൾ ക്രമപ്പെടുത്തും.

# അക്കാദമിക് പ്രവർത്തനങ്ങൾ

അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമെ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷവുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻകഴിയും. ഞങ്ങളുടെ വിദ്യാലയത്തെ സമൂഹത്തിന്റെ കൂടി സ്ഥാപനമായി എങ്ങനെ മാറ്റാനാകും എന്ന ഉദ്ദേശ്യത്തോടെ പ്രതീക്ഷയുണർത്തുന്നതും പ്രചോദനാത്മകവുമായ ഹ്രസ്വകാല,ദീർഘകാല പ്രവർത്തനങ്ങൾ വിവിധ പദ്ധതികളിലൂടെ തയ്യാറാക്കിയിരിക്കുന്നു. ഇത് നവീകരിക്കപ്പെടുന്ന ശാസ്ത്രരേഖയാണെന്ന സത്യം എടുത്തു പറയുന്നു.

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി രൂപപ്പെടുത്തിയ പ്രവർത്തന പദ്ധതി

- എൽ പി അധ്യാപകരുടെ സഹായത്തോടെ അക്ഷരം അറിയാത്ത കുട്ടികൾക്ക് അക്ഷരം ഉറപ്പിക്കൽ
- ഗണിത ചിന്താശേഷി വർധിപ്പിക്കൽ
- ക്ലാസ്സ് പി ടി എ യിൽ മാറി വന്ന ടെക്സ്റ്റ് ബുക്കുകളുടെയും , പരീക്ഷ രീതിയിൽ വന്ന മാറ്റവും പരിചയപ്പെടുത്തുന്നു
- രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്സ്
- സബ്ജെക്ട് എക്സ്പേർട്ട് ക്ലാസ്സ്
- ശിൽപ്പശാല പ്രദർശനം
- കുട്ടി ടീച്ചേർസ് നെ തിരഞ്ഞെടുക്കുക
- യൂണിറ്റ് ടെസ്റ്റ്
- സാങ്കേതിക വിദ്യയുടെ പ്രയോഗം ഉപയോഗപ്പെടുത്തുന്നു
- മോട്ടിവേഷൻ ക്ലാസ്സ്
- ഗൃഹസന്ദർശനം
- ഉന്നതി സന്ദർശനം
- പ്രാദേശിക പി ടി എ
- 10 ലെ കുട്ടികൾക്ക് പഠന പിന്തുണ നൽകുവാൻ ടീച്ചേർസ് ന് ദത്തുകൊടുക്കുന്നു

**ഭാഷാവികസനം**

**ലക്ഷ്യങ്ങൾ**

1. മുഴുവൻ കുട്ടികൾക്കും സർഗാത്മകരചനകൾക്കുള്ള അവസരം നല്കുക.
2. എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
3. എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു.
4. സാഹിത്യാഭിരുചി വളർത്താനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുക.
5. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസസാധ്യതകളെ പ്രയോജനപ്പെടുത്തുക.

## **LP**

| **പ്രവർത്തനം** | **സമയം** | **പിന്തുണ** |
|---|---|---|
| *ഉചിതമായ വ്യവഹാരരൂപങ്ങളിലുള്ള ലേഖനമികവിന് രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ലഘു പതിപ്പുകൾ തയ്യാറാക്കുന്നു.<br>* കുട്ടകളിൽ സർഗാത്മക വളർത്തുന്നതിന് രചന ശില്പശാലകൾ നടത്തുന്നു.കഥാകവിത രചനയ്ക്കുള്ള വേദിയൊരുക്കൽ.<br>* അടിസ്ഥാനശേഷി വികസിപ്പിക്കുന്നതിന് എല്ലാ ക്ലാസ്സുകളിലും സംയുക്ത ഡയറി എഴുത്ത് നിർബന്ധമാക്കുന്നു. കുട്ടികളും രക്ഷിതാക്കളും ചേർന്ന് ഡയറി എഴുതുന്നു. | ജൂൺ - ഫെബ്രുവരി | ടീച്ചേർസ് |

**UP,HS**

| പ്രവർത്തനം | സമയം | പിന്തുണ |
|---|---|---|
| 1.കഥ, കവിത, ചിത്രരചനകൾ, സമാനപദങ്ങൾ ഉപയോഗിച്ച് വാക്യരചനകൾ ,ലയാളത്തിളക്കം, ശ്രദ്ധ (അക്ഷരദീപം ക്ലാസ്സ് ) പദകാർഡ് വായന, ചിത്രപദക്കാർഡ് വായന, വായനാമത്സരം,<br><br>നിഘണ്ടുനിർമാണം,വായനാമത്സരം, പത്രവായന, ദൃശ്യവായന, പുസ്തകവായന, ചിത്രവായന, ഒരു കുട്ടി ഒരു പുസ്തകം സംഭാവന, പുസ്തകത്തെ പരിചയപ്പെടുത്തൽ,സൂചനകൾ നല്കി കഥ, കവിതാരചന,നാടൻ കഥകൾ, കവിതകൾ കേൾക്കൽ, കഥാവതരണം (ഉദാ ആമയും മുയലും),നാടൻ കലകളുടെ പ്രദർശനം, അവതരണം.<br><br>ഒരു വിഷയത്തെക്കുറിച്ച് പ്രസംഗം, പ്രഭാഷണം എന്നിവ തയ്യാറാക്കുക, പോസ്റ്റർ നിർമാണം, കാലാനുസൃതമായ വിഷയങ്ങൾ തെരഞ്ഞെടുത്ത് ഉപന്യാസരചന, സാഹിത്യകാരന്മാരുടെ ആൽബം തയ്യാറാക്കൽ,ലൈബ്രറി പുസ്തകവായന, നവപ്രഭ ക്ലാസ്സ്, പാഠപുസ്തകവായന, ഡയറി എഴുത്ത്, അനുഭവക്കുറിപ്പ്,പുസ്തകവായന, വായിച്ച പുസ്തകത്തിന്റെ ആശയം കുറിക്കൽ, അടുത്തുള്ള വിദ്യാലയത്തിലെ ലൈബ്രറി സന്ദർശനം (one day), രണ്ട്പുസ്തകക്കുറിപ്പ് വിഷയം നല്കി കഥ,കവിതാരചന, പ്രാദേശിക സാഹിത്യകാരന്മാരെ പരിചയപ്പെടൽ, സാഹി ത്യക്വിസ്സ്ഫീൽഡ് ട്രിപ്പ് (കലാമണ്ഡലം) അനുഭവക്കുറിപ്പ്, പത്രവാർത്താ ശേഖരണ പതിപ്പ്.<br><br>കഥാപതിപ്പ്, കവിതാപതിപ്പ്, ചിത്രപതിപ്പ് വാക്യരചനാപുസ്തകമത്സരം,<br>(ക്ലാസ്സ് തലം)പദച്ചേരുവകൾ, കേട്ടെഴുത്ത്, സംഘപ്രവർത്തനങ്ങൾ,<br>ലൈബ്രറി പുസ്തകം ഒരു പേജ് വായിച്ച് ആശയം എഴുതി തെറ്റ് തിരുത്തൽ<br>,ചുമർപത്രം, ആസ്വാദനക്കുറിപ്പ് മത്സരം ക്ലാസ്സ് തലം കവിയരങ്ങ്,<br>കാവ്യകേളി, കാവ്യാലാപനം, അക്ഷരശ്ലോകം,ദൃശ്യാവിഷ്ക്കാരം,<br>എല്ലാ കുട്ടികൾക്കും പ്രസംഗം പറയാനുള്ള അവസരം, അസംബ്ലിയിൽ<br>പ്രഭാഷണം അവതരിപ്പിക്കുക,ഉപന്യാസരചനാ<br><br>എന്റെ സ്വന്തം കവിതാസമാഹാരം, ചിത്രസമാഹാരം, കഥാസമാ<br>ഹാരം,വർക്ക് ഷീറ്റ്, പാഠവായന, ന്യൂസ് പേപ്പർ വായന, പദസൂര്യൻ<br>പൂർത്തിയാക്കൽ, വിട്ടുപോയവ കണ്ടെത്തൽ തിരക്കഥാരചന,<br>കവിതാരചന, കഥാരചന സ്വന്തമായി വിഷയം തെരഞ്ഞെടുത്ത് കഥ,<br>കവിത രചിക്കുന്നു ക്വിസ് മത്സരങ്ങൾ, ദിനാചരണങ്ങൾ, നാടൻ പാട്ട് | ജൂൺ - ഫെബ്രുവരി | PTA<br>BRC<br>DIET<br>RESOURCE TEACHERS |

| | | |
|---|---|---|
| അവതരണം.<br><br>ആൽബപ്രദർശനം ക്ലാസ്സ് തലം, സ്കൂൾതലം എന്റെ ഡയറി, യാത്രാ വിവരണം, ഓർമക്കുറിപ്പുകൾ, വിവരണം, വർണ്ണനനാടകരചന, തിരക്കഥാരചന, ഷോർട്ട്ഫിലിം നിർമാണം, വിമർശനാത്മകപഠനം, സാഹിത്യമേളകൾ, ദിനാചരണ മത്സരങ്ങൾ തൽസമയ സംപ്രേഷണം (കുട്ടികൾ, അധ്യാപകർ, LCD പ്രൊജക്ടറിൽ) ദൃക്സാക്ഷി വിവരണം | | |

**<u>വിഷയം - ഇംഗ്ലീഷ്</u>**

**<u>ലക്ഷ്യങ്ങൾ</u>**

1. ഇംഗ്ലീഷ് തെറ്റ കൂടാതെ വായിക്കാനും എഴുതാനും പഠിക്കുക.

2. സ്വന്തം ആശയങ്ങൾ സ്ഥലകാലസാഹചര്യങ്ങൾക്കനുസരിച്ച് തെറ്റ് കൂടാതെ പ്രകടിപ്പിക്കാനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുന്നു.

3. കാണുന്നതും കേൾക്കുന്നതും ഗ്രഹിക്കാനുള്ള കഴിവ് വളർത്തുക.

4. ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാനും അവയുടെ ഭാഷാനൈപുണ്യം വളർത്താനുമുള്ള ആവേശം കുട്ടികളിൽ ഉണ്ടാക്കുക.

5. മാധ്യമങ്ങളെ വിവേകപൂർവ്വം കൈകാര്യം ചെയ്ത് ഭാഷയെ മെച്ചപ്പെടുത്താൻ പ്രാപ്തരാക്കുക.

| **പ്രവർത്തനം** | **സമയം** | **പിന്തുണ** |
|---|---|---|
| *To engage in different | | |

| | | |
|---|---|---|
| discourses<br><br>. Conduct English assembly<br><br>*Provide chances to write in English<br><br>. Preparing reading cards<br><br>*Provide chances to communicate in English<br><br>.chitchat hub. | ജൂൺ - ഫെബ്രുവരി | ടീച്ചേർസ് |

## UP,HS

| പ്രവർത്തനം | സമയം | പിന്തുണ |
|---|---|---|
| #ദിവസത്തിൽ വാക്കുകളും അതിന്റെ അർഥവും പഠിക്കുന്നു.<br>#ചിത്രങ്ങൾ, വീഡിയോകൾ എന്നിവയുടെ സഹായത്തോടെ സംഭാഷണം (ചിത്രങ്ങൾ, സാഹചര്യങ്ങൾ) ചിത്രങ്ങളെ ആസ്പദമാക്കി വിവരണം തയ്യാറാക്കൽ.<br># English news, Animation programmes, English Library, English പത്രം ലഭ്യമാക്കൽ-PUBLIC SPEAKING<br># സ്കിറ്റ്, സ്ക്രീൻപ്ലേ, കൈയെഴുത്ത് മാസികമത്സരം, കഥയെഴുത്ത് മത്സരം,Welcome speech, vote of thanks, Announcement, Drama, Sem- inar Presentation, Magazine,സർഗാത്മകരചനകൾ, പതിപ്പ്, പുസ്തകകുറിപ്പ് കൊളാഷ്, ചുമർപത്രിക, കൗതുകവാർത്ത.<br># വാക്കുകൾ വാചകങ്ങളാക്കി വായന, വായിച്ച വാചകങ്ങൾ ആശയാടിസ്ഥാനത്തിൽ എഴുതുന്നു.<br># English അസംബ്ലി.<br># Mind mapping, പത്രവാർത്താവിശകലനം.<br># പുസ്തകവായന, പുസ്തകപരിചയം. | ജൂൺ,ജൂലൈ<br><br>ആഗസ്റ്റ്,സെപ്റ്റംബർ<br><br>ആഗസ്റ്റ്,സെപ്റ്റംബർ | PTA<br>BRC<br>DIET<br>RESOURCE TEACHERS |

| | | |
|---|---|---|
| # കവിതാപാരായണം, കഥപറച്ചിൽ, നിമിഷപ്രസംഗം, ചിന്താവിഷയം പങ്കുവെക്കൽ.<br># നിഘണ്ടുനിർമാണം.<br># വിഷയം തെരഞ്ഞെടുത്ത് കഥാരചന, ഉപന്യാസരചന,നോട്ടീസ്, ക്ഷണപത്രിക, റിപ്പോർട്ട്- എന്നിവ തയ്യാറാക്കൽ.<br># പോസ്റ്റർ പുസ്തക പ്രദർശനം, പതിപ്പ് പ്രദർശനം, വായനാക്കുറിപ്പ് മത്സരം,ക്വിസ് മത്സരം എന്നിവ നടത്തുന്നു | ജൂൺ - ഫെബ്രുവരി | |

**വിഷയം - ഹിന്ദി**

**ലക്ഷ്യങ്ങൾ**

1.ഹിന്ദി അക്ഷരമാല തെറ്റു കൂടാതെ എഴുതാനും വായിക്കാനും സംസാരിക്കാനും പഠിക്കുക.

2.അനുദിനജീവിതത്തിൽ കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.

3.സ്വന്തം ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുക.

4.കാണുന്നതും കേൾക്കുന്നതും ഗ്രഹിക്കാനുള്ള കഴിവ് വളർത്തുക.

5.ഹിന്ദി പുസ്തകങ്ങൾ വായിക്കാനും ടി.വി,റേഡിയോ വാർത്തകൾ മാധ്യമങ്ങളിലൂടെ കേൾക്കാനും ഭാഷാനൈപുണികൾ വളർത്തുക

**UP**

| പ്രവർത്തനം | സമയം | പിന്തുണ |
|---|---|---|
| # 5,6,7 അക്ഷര ബോധം ഉറപ്പിക്കൽ പുതിയ പദങ്ങൾ ,പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും . ചിത്രങ്ങൾ , അക്ഷരമാല , ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | | |

| | | |
|---|---|---|
| #ഹിന്ദി വായന<br>നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സിഡി താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും<br>#ഹിന്ദി സംസാരം<br><br>ഹിന്ദി മാത്രം മിക്കവാറും ക്ലാസ്സിൽ ഉപയോഗിക്കും . അവരുടെ ചെറിയ , ചെറിയ ആശയങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും . ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസ്സിൽ കൊണ്ട് വരും . വായനക്ക് . . . ഹിന്ദി തെറ്റിച്ച് അദ്ധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ |

## HS

| പ്രവർത്തനം | സമയം | പിന്തുണ |
|---|---|---|
| # അക്ഷരം എഴുത്ത്<br>#ചിഹ്നം ഉറപ്പിക്കൽ<br>#അക്ഷരമാല, അക്ഷരക്കാർഡ്, പദകാർഡ്,<br># I C T സാധ്യത ഗൃഹോപകരണങ്ങൾ പരിചയപ്പെടൽ.<br>ചിത്രകഥകൾ വായിക്കൽ<br>#ചിത്രസഹായത്തോടെ വിവരണം തയ്യാറാക്കുന്നു.<br>#TV ന്യൂസ് കേൾക്കൽ, പ്രധാന വാർത്തകൾ എഴുതൽ.<br># ചിത്രകഥ വായിച്ച് കുറിപ്പ്, ക്ലാസ്സ് ലൈബ്രറി, ആഴ്ചയിൽ ഒരു ദിവസം വായന.<br>#പദസമ്പത്ത്, കേട്ടെഴുത്ത്, പദകേളികൾ.<br>#ഡയറി എഴുത്ത്.<br>#പ്രാദേശിക പദങ്ങൾ കണ്ടെത്തൽ.<br>#ഹിന്ദി അസംബ്ലി<br>(ചിന്താവിഷയം,സംഭാഷണം, ആത്മകഥ, പോസ്റ്റർ പുസ്തകപരിചയം അസംബ്ലിയിൽ)<br><br>#വാക്കുകൾ വാചകങ്ങളാക്കൽ, വാചകങ്ങൾ കൊണ്ട് ആശയവിനിമയം നടത്തുന്നു. | ജൂൺ - ഫെബ്രുവരി | BRC<br>DIET<br>RESOURCE TEACHERS |

| | | |
|---|---|---|
| #സംഭാഷണം, പ്രാദേശികപദങ്ങളും മാനകപദങ്ങളും<br>#പരിചയപ്പെടൽ, പട്ടികപ്പെടുത്തൽ,റിപ്പോർട്ട്.<br>#ചോദ്യാവലി,ജീവചരിത്രക്കുറിപ്പ്, ആത്മകഥ,വിവരണം,അഭിമുഖ ചോദ്യാവലി -എന്നിവ തയ്യാറാക്കുന്നു<br>#ഹിന്ദി ക്ലാസ്സിൽ ഹിന്ദി സംസാരിക്കുന്നു.<br>#സർഗാത്മകരചനകൾ-കഥ, കവിത, പോസ്റ്റർ നിർമാണം,ചുമർപത്രം, കൊളാഷ്, മാഗസിൻ,കാർട്ടൂൺ, കവിത, കഥ, ഉപന്യാസം, ലേഖനം, കത്ത്,വായനാക്കുറിപ്പ് എന്നിവ തയ്യാറാക്കുന്നു. | | |

**<u>വിഷയം - ഗണിതം</u>**

**<u>ലക്ഷ്യങ്ങൾ</u>**

1.ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം എന്നിവ സഹായകമാകുന്നുവെന്ന് തിരിച്ചറിയുന്നു.

2. വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് വളർത്തുന്നു.

3. ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു.

4. കൃത്യതയോടും സൂക്ഷ്മതയോടുംകൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാകുന്നു.

5. ഗണിതപഠനത്തിൽ I C T സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ആയാസകരമാക്കുന്നു.

6. ജ്യാമിതീയരൂപങ്ങൾ തിരിച്ചറിയുന്നു, നിർമിക്കുന്നു.

7. സംഖ്യാപാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു.

8. ചതുഷ്കീയകൾ ഉറപ്പിക്കുന്നു.

9. പ്രശ്നപരിഹാരം, പ്രായോഗികപ്രശ്നപരിഹാരം.

10. ജ്യാമിതിയിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേൺ നിർമിക്കുന്നു.

## LP

| പ്രവർത്തനം | സമയം | പിന്തുണ |
|---|---|---|
| * ഗണിത ചിന്താശേഷി വർദ്ധിപ്പിക്കൽ<br>* കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടലും അതിലൂടെയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടലും .<br>* സംഖ്യാബോധവും ക്രിയാശേഷിയും എല്ലാവരും നേടിയെടുക്കുന്നതിന്<br>. ഗണിത കിറ്റിലെ ഉപകരണങ്ങൾ , സംഖ്യാ കാർഡുകൾ എന്നിവയുടെ സഹായത്തോടെ സംഖ്യാബോധം , ക്രിയാശേഷി എന്നിവ ഉറപ്പുവരുത്തുന്നു .<br>* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു .<br>. ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു .<br>* ഗണിത പഠനം എളുപ്പമാക്കാൻ<br>. ഗണിത പഠനം എളുപ്പമാക്കുന്നതിനായി ഗണിത ക്യാമ്പുകൾ സംഘടിപ്പിക്കുന്നു . | ജൂൺ - ആഗസ്റ്റ്<br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ | |

## UP

| പ്രവർത്തനം | സമയം | പിന്തുണ |
|---|---|---|
| # സംഖ്യാകാർഡുകൾ-ആവർത്തനവായന-എഴുത്ത്.<br># അബാക്കസ്, ചിത്രസഹായത്തോടെയുള്ള പഠനം. | | PTA |

| | | |
|---|---|---|
| # പേപ്പർ കട്ടിംഗ്സ്, സംഖ്യാകാർഡുകൾ തമ്മിൽ കൂട്ടി സങ്കലനം.<br><br># പത്തിന്റെ കൂട്ടങ്ങളാക്കൽ ( കല്ല്, ഈർക്കിലി, വളപ്പൊട്ട്, മഞ്ചാടി etc..ഗ്രൂപ്പുകൾ കൂടിചേർന്ന് സങ്കലനം.<br><br># കുസൃതികണക്കുകൾ (സങ്കലനം, വ്യവകലനം, ഗുണനം, ഹരണം).<br><br># സ്ഥാനവിലപോക്കറ്റ് നിർമാണം.<br><br># ജ്യാമിതീയ രൂപങ്ങൾ പട്ടികപ്പെടുത്തൽ. (നിത്യോപയോഗസാധനങ്ങൾ)<br><br># വർക്ക് ഷീറ്റുകൾ നിർമാണം (അധ്യാപിക, കുട്ടികൾ)<br><br># സങ്കലനപട്ടികപ്രദർശനം, വിലവിവരപട്ടികപ്രദർശനം, തുല്യമായി പങ്കുവെക്കൽ (കേക്ക്, പപ്പടം, ലഡു etc..),<br><br>#ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ, മട്ടകോണിന്റെയും മട്ടങ്ങളുടെയും ഉപയോഗം മനസ്സിലാക്കൽ.<br><br># കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിതരൂപങ്ങൾ പരിചയപ്പെടുത്തൽ.<br><br># സംഖ്യാചാർട്ടുകൾ, സംഖ്യാസ്ലിപ്പുകൾ, സംഖ്യാകേളി, സംഖ്യാമാല, പദസൂര്യൻ ഇവയുടെ നിർമാണം. | ജൂൺ - ഫെബ്രുവരി | BRC<br>RESOURCE<br>TEACHERS |
| # വർക്ക് ഷീറ്റ് നിർമിച്ച് പതിപ്പ് തയ്യാറാക്കുന്നു.<br><br># ഗണിതകളികൾ ക്ലാസ്സ് തലത്തിൽ, ശില്പശാല.<br><br># കുട്ടിക്കവിതകൾ ശേഖരണം, കണക്കിലെ കളികൾ ശേഖരണം, | ഒക്ടോബർ, നവംബർ | |
| # ജ്യാമതീയ രൂപങ്ങൾ നിർമാണം, (ചതുരം, സമചതുരം, വൃത്തം, ത്രികോണം)<br><br># ഗണിതശാസ്ത്രജ്ഞന്മാർ അവരുടെ സംഭാവനകൾ (സെമിനാർ, ഉപന്യാസ രചന, ക്വിസ്സ്),<br><br># വിവിധ പാറ്റേണുകൾ വ്യക്തിഗതമായും സംഘമായും നിർമിക്കുന്നു.<br><br># puzzle നിർമാണം, ഗണിതകളി, (പദപ്രശ്നം) കടയിൽ നിന്ന് സാധനങ്ങൾ വാങ്ങി കൂട്ടാനും കുറയ്ക്കാനുമുള്ള പരിശീലനം (വീട്, വിദ്യാലയം). | ഒക്ടോബർ, നവംബർ | PTA<br>BRC<br><br>RESOURCE<br>TEACHERS |

| | | |
|---|---|---|
| | | |

## HS

| പ്രവർത്തനം | സമയം | പിന്തുണ |
|---|---|---|
| # ക്ലബ് രൂപീകരണം<br># ഗണിത വീഥി(അടിസ്ഥാന ഗണിത പഠനം)<br># ഗണിത ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു...<br># ക്വിസ് ടൈം<br># Brain Boosting Activity<br># സംഖ്യാ പഠനം<br># Pythagorus theorem day celebration | ജൂൺ | RESOURSE TEACHER |
| #ഗണിത വീഥി തുടർച്ച (അടിസ്ഥാന ഗണിത പഠനം)<br>#ഗണിത ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു...<br>#ക്വിസ് ടൈം<br># Brain Boosting Activity<br># ഗണിത നിഘണ്ടു നിർമാണ ആരംഭം<br># സംഖ്യാ പഠനം | ജൂലൈ | |
| പതാക നിർമാണം<br>#ഗണിത വീഥി(അടിസ്ഥാന ഗണിത പഠനം)<br>#ഗണിത ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു...<br>#ക്വിസ് ടൈം<br># Brain Boosting Activity<br># സംഖ്യാ പഠനം | ആഗസ്റ്റ് | |
| # Maths story telling day celebration<br># ഗണിത പൂക്കളം<br>#ഗണിത ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു...<br>#ക്വിസ് ടൈം<br># Brain Boosting Activity<br>#ഗണിത ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു...<br>#ക്വിസ് ടൈം | സെപ്റ്റംബർ | |
| # Brain Boosting Activity<br># Fibanacci day celebration<br>#ഗണിത ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു...<br>#ക്വിസ് ടൈം | ഒക്ടോബർ | |

| | | |
|---|---|---|
| # Brain Boosting Activity<br>#National Maths Day Celebration<br>#ഗണിത ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു...<br>#ക്വിസ് ടൈം<br># Brain Boosting Activity<br>#ഗണിത ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു...<br>#ക്വിസ് ടൈം<br># Brain Boosting Activity<br>#ഗണിത ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു...<br>#ക്വിസ് ടൈം<br># Brain Boosting Activity | നവംബർ<br><br>ഡിസംബർ<br><br>ജനുവരി<br><br>ഫെബ്രുവരി | |

**വിഷയം - സാമൂഹ്യശാസ്ത്രം**

**ലക്ഷ്യങ്ങൾ**

1. അർഥപൂർണമായ ഭൂപടവായന ക്രമീകരിക്കുന്നു.
2. പൊതുവിജ്ഞാനത്തിന് ഊന്നൽ നല്കുന്നു.
3. പ്രാചീന- മധ്യ- ആധുനിക ഇന്ത്യയുടെ പ്രധാന സംഭവങ്ങളെ തരംതിരിക്കുന്നു.
4. പ്രാദേശിക ചരിത്രാവബോധം വളർത്തുക.
5. പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്രപഠനം കാര്യക്ഷമമാക്കുന്നു.
6. ക്ലബ്പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുന്നു.

## UP

| പ്രവർത്തനം | സമയം | പിന്തുണ |
|---|---|---|
| # കേരളം, ഇന്ത്യ, ലോകഭൂപടം പരിചയപ്പെടുന്നു. | | |

| | | |
|---|---|---|
| # I C T യിൽ കേരളം ജില്ലകൾ ഗെയിം കളിക്കുന്നു.(റോൾപ്ലേ)<br><br>#ദിവസത്തിൽ 2 ചോദ്യങ്ങൾ ന്യൂസ് പേപ്പർ വഴി കണ്ടെത്തുന്നു.<br><br>#മധ്യകാലഇന്ത്യ പരിചയപ്പെടുത്തുന്നു.<br>വിജ്ഞാനം, കല, സാഹിത്യം, നഗരം) ചാർട്ട്, കളക്ഷൻ, I C T സാധ്യത ഉപയോഗിച്ച് വിവരണം.<br><br># പ്രദേശത്തെ ചരിത്രസ്മാരകസന്ദർശനം.<br><br># ചരിത്രപ്രാധാന്യമുള്ളസ്ഥലസന്ദർശനം (ഇന്ത്യ,കേരളം)<br><br># ആനുകാലികവിഷയങ്ങളെക്കുറിച്ചുള്ള മത്സരങ്ങൾ(അടിക്കുറിപ്പ്, ലേഖനം, പ്രഭാഷണം)<br><br># ഡിജിറ്റൽ ആൽബം<br><br>.പ്രപഞ്ചം എന്ന മഹാത്ഭുതം<br><br>. വൈവിധ്യങ്ങളുടെ ലോകം | ജൂൺ - ഫെബ്രുവരി | PTA<br>BRC<br><br>RESOURCE TEACHERS |
| # സോഷ്യൽ സയൻസ് ഫെസ്റ്റ് (യുപി ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉത്പ്പന്നങ്ങൾ പ്രദർശിപ്പിക്കൽ) | ജനുവരി | |
| # പ്രാദേശിക വിഭവ ഭൂപടനിർമ്മാണം | ഒക്ടോബർ-ജനുവരി | |

## HS

| **പ്രവർത്തനം** | **സമയം** | **പിന്തുണ** |
|---|---|---|
| # പരിസ്ഥിതി ദിനം ജൂൺ 5<br># വൃക്ഷത്തൈ നടൽ<br># പോസ്റ്റർ രചന | ജൂൺ | RESOURCE TEACHER |
| # ജനസംഖ്യാദിനം ജൂലൈ 11 ക്വിസ് | ജൂലൈ | |
| # ഓഗസ്റ്റ് 6 ഹിറോഷിമ ദിനം<br># സഡാക്കോ കൊക്ക് നിർമ്മാണം<br># യുദ്ധവിരുദ്ധ റാലി | ആഗസ്റ്റ് | |
| # അധ്യാപക ദിനം സെപ്റ്റംബർ 5 | സെപ്റ്റംബർ | |

| | | |
|---|---|---|
| # അധ്യാപകരെ ആദരിക്കൽ<br># ഗാന്ധിജയന്തി ഒക്ടോബർ 2<br># സ്കൂളുംപരിസരവും ശുചീകരണം<br># ക്വിസ്<br># കേരളപ്പിറവി<br># റിപ്പബ്ലിക് ദിനം<br># തണ്ണീർത്തട ദിനം ഫെബ്രുവരി 2 | ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി | |

**<u>വിഷയം - അടിസ്ഥാനശാസ്ത്രം</u>**

**<u>ലക്ഷ്യങ്ങൾ</u>**

1.ശാസ്ത്രാഭിരുചി വളർത്താൻ.

2.ശുദ്ധജലസ്രോതസ്സുകൾ മലിനമാകുന്ന സാഹചര്യങ്ങൾ കണ്ടെത്താനും ജലസംരക്ഷണമാർഗങ്ങൾ നിർദേശിക്കാനും പ്രാവർത്തികമാക്കാനും കഴിയുന്നു.

3. ശാസ്ത്ര പഠനത്തിൽ ശാസ്ത്രീയ രീതി പരിശീലിക്കൽ.

4.ശാസ്ത്രപഠനത്തിൽ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ച് പഠനം എളുപ്പമാക്കാൻ.

5. വിവിധതരം പരീക്ഷണങ്ങൾ കാണാനും ചെയ്യാനുമുള്ള അവസരം ലഭിക്കുന്നു.

6. ശാസ്ത്രപഠനത്തിൽ I C T സാധ്യതകൾ പരമാവധി ഉപയോഗിച്ച് പഠനം ആയാസകരമാക്കുന്നു.

7. സസ്യവൈവിധ്യത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് സംരക്ഷണ മാർഗങ്ങൾ നിർദേശിക്കുന്നു.

**LP**

| പ്രവർത്തനം | സമയം | പിന്തുണ |
|---|---|---|
| *പ്രകൃതിയെക്കുറിച്ച് അറിയുന്നതിനും ആസ്വദിക്കുന്നതിനും .<br>* വിവിധ കാലഘട്ടങ്ങളിൽ പ്രകൃതി നടത്തം സംഘടിപ്പിക്കുന്നു. | ജൂൺ | |
| | ജൂലൈ | |
| *പാഠഭാഗങ്ങളോട് അനുബന്ധിച്ചുള്ള പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന്. | ആഗസ്റ്റ് | |
| .ലിറ്റിൽ സയൻറിസ്റ്റ് ഡേ എന്ന പ്രോഗ്രാം ഹൈസ്കൂൾ സയൻസ് ലാബുകളിൽ വച്ച് സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ | |
| | ഒക്ടോബർ | |
| *ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വിവരങ്ങൾ ലഭിക്കുന്നതിന് . | നവംബർ | |
| .എൻറെ പരിസര പഠനം എന്ന ആൽബം പാഠഭാഗവുമായി ബന്ധപ്പെട്ട് വർഷം മുഴുവൻ നീളുന്ന ഒരു പ്രവർത്തനമായി സംഘടിപ്പിക്കുന്നു. | ഡിസംബർ | |

## UP

| പ്രവർത്തനം | സമയം | പിന്തുണ |
|---|---|---|
| #സസ്യആൽബം(ഇല,വേര്,തടി,പൂവ്,വിത്ത്)ശാസ്ത്രപതിപ്പകൾ,<br><br>#പൂന്തോട്ടനിർമാണം, ലഘുപരീക്ഷണങ്ങൾ,വിവിധതരം വിത്തു മുളപ്പിക്കൽ (നിരീക്ഷണ പഠനം)<br><br>#പഠനയാത്രകൾ,ബോധവത്ക്കരണക്ലാസ്സുകൾ(കൃഷിയോട്താത്പര്യം) മഴക്കുഴിനിർമാണം(വീട്,വിദ്യാലയം)പ്രോജക്ട്,മഴവെള്ളസംഭരണം,<br><br>#ഊർജസംരക്ഷണം(വീട്,വിദ്യാലയം),പരിസ്ഥിതിസംരക്ഷണപ്രവർത്തനങ്ങൾ,ശലഭോദ്യാനം,<br>#ജൈവവൈവിധ്യപാർക്ക്,സർവ്വേ,വൈദ്യുതിനിയന്ത്രണം,<br>(ചോദ്യാവലി,അഭിമുഖം, അനുഭവം പറയൽ) | ജൂൺ - ഫെബ്രുവരി | PTA<br>BRC<br>DIET<br>RESOURCE TEACHERS |

## HS

| പ്രവർത്തനം | സമയം | പിന്തുണ |
|---|---|---|
| # ക്ലബ്ബ് രൂപീകരണം, # അംഗങ്ങളെ തെരെഞ്ഞെടുക്കൽ, # ച്ചുമതലകൾ വിഭജിച്ച് നൽകൽ<br># ദിവസേനെ 10 ചോദ്യങ്ങൾ ചന്ദ്രനെക്കുറിച്ച് | ജൂൺ | RESOURCE TEACHERS |
| # ചാന്ദ്രദിനാചരണം - പോസ്റ്റർ നിർമാണം, കൊളാഷ്, ക്വിസ് | ജൂലൈ | |
| # ഉപന്യാസരചന, ക്വിസ് ചോദ്യങ്ങൾ | ആഗസ്റ്റ് | |
| # ഓസോൺ ദിനം - ക്വിസ്,<br># പോസ്റ്റർ രചന, ക്ലാസ് | സെപ്റ്റംബർ | |
| # ക്വിസ് - ചോദ്യങ്ങൾ<br># പരീക്ഷണം, കുറിപ്പ് തയ്യാറാക്കൽ | ഒക്ടോബർ | |

| | | |
|---|---|---|
| #ശാസ്ത്രമേള സ്കൂൾ തലം<br><br># ശാസ്ത്ര ഐഡിയ മൽസരം<br><br>#ക്വിസ് - ചോദ്യം നൽകൽ, ക്വിസ് മൽസരം<br><br>#ശാസ്ത്രദിനം - പ്രസംഗം, ക്വിസ്<br><br># പ്രൊജക്ട് / സെമിനാർ | നവംബർ<br><br>ഡിസംബർ<br><br>ജനുവരി<br><br>ഫെബ്രുവരി<br><br>മാർച്ച് | |

<u>വിഷയം - ആരോഗ്യ കായിക വിദ്യാഭ്യാസം</u>

_

<u>ലക്ഷ്യങ്ങൾ</u>

1. ശാരീരിക മാനസിക വളർച്ചയുടെ വികാസം.

2. കായിക വിദ്യാഭ്യാസത്തിന്റെ അനുഭവങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുക.

3. കുട്ടിയുടെ ആരോഗ്യ കായിക വികാസഘട്ടങ്ങളെ ശാസ്ത്രീയമായി പോഷിപ്പിക്കുകയും ആരോഗ്യകരമായ ജീവിതശീലങ്ങളും മനോഭാവങ്ങളും വളർത്തുകയും ചെയ്യുക.

4. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസം ഉറപ്പ് വരുത്തുക.

| പ്രവർത്തനം | സമയം | പിന്തുണ |
|---|---|---|
| # ജനറൽ എക്സ്സൈസ് ,<br><br># അത് ലറ്റിക്സ് പരിശീലനം<br><br><br># മൈനർ ഗെയിം, (ശാരീരിക മാനസിക വൈകല്യം സംഭവിച്ചവർക്ക്)<br>വിവിധതരം ഗെയിം പരിചയപ്പെടൽ-<br># കബഡി ,വടംവലി ,ബാസ്കറ്റ് ബോൾ ,സോഫ്റ്റ് ബോൾ ക്രിക്കറ്റ് (സബ് ജില്ല, ജില്ലാ, സ്റ്റേറ്റ് -മത്സരങ്ങളിൽ പങ്കാളിത്തം ),<br><br># കരാട്ടെ പരിശീലനം (അഴ്ചയിൽ 2 ദിവസം) പരിശീലനശേഷം വിവിധ Belt കളുടെ Test നായി വർഷാവർഷങ്ങളിൽ ഒരുക്കം നടത്തുന്നു. | ജൂൺ - ഫെബ്രുവരി | PTA<br><br>RESOURCE TEACHERS |

**<u>ടീൻസ് ക്ലബ്</u>**

ബാല്യത്തിനും യൗവനത്തിനും ഇടയ്ക്കുള്ള, ശാരീരികവും മാനസികവുമായ സങ്കീർണ്ണ പരിവർത്തനഘട്ടമാണ് കൗമാരം (Adolescence).വ്യക്തിത്വം രൂപപ്പെടുന്ന കാലഘട്ടമാണിത്.ശാരീരിക വളർച്ചയ്ക്കൊപ്പം മാനസികവളർച്ചയും ലൈംഗികശേഷിയും ഉണ്ടാകുന്നതിനാൽ ചിന്താരീതിയിലും വൈകാരിക മണ്ഡലത്തിലും കാര്യമായ വ്യതിയാനങ്ങൾ രൂപപ്പെടുന്നു.ഹോർമോണുകളുടെ വർദ്ധനവ്, വേഗത്തിലുള്ള ശാരീരിക വളർച്ച, പക്വതക്കുറവ്, ചുറ്റുപാടുകൾ ഏൽപ്പിക്കുന്ന സംഘർഷങ്ങൾ, സംസ്കാരം, പാരമ്പര്യം, ജെൻഡർ എന്നിവയുടെ സ്വാധീനം; പോഷകാഹാരക്കുറവ്, മാധ്യമങ്ങളുടെ സ്വാധീനം, കൂട്ടുകെട്ട് എന്നിവയെല്ലാം ഈ കാലഘട്ടത്തിൽ ശരീരത്തിന്റെയും മനസ്സിന്റേയും വളർച്ചാ-വികാസങ്ങളെ ബാധിക്കുന്നു.

മദ്യം, മയക്കുമരുന്ന്, സിഗരറ്റ്, ആത്മഹത്യ, സുരക്ഷിതമല്ലാത്ത ലൈംഗികബന്ധം, അനാവശ്യ ഗർഭധാരണം, ലൈംഗിക ബന്ധത്തിലൂടെ പകരുന്ന രോഗങ്ങൾ, അമിതമായ കോപം, വിഷാദം, ഒറ്റപ്പെടൽ, മുഖക്കുരു, പഠനവൈകല്യം, കുടുംബപ്രശ്നങ്ങൾ, പ്രണയനൈരാശ്യം എന്നിവയെല്ലാം ഈ ഘട്ടത്തിൽ സമ്മർദ്ദ ഘടകങ്ങളാകുന്നുണ്ട്. ഇവയെ

അതിജീവിക്കുന്നതിനും ആരോഗ്യകരമായ ശാരീരിക-മാനസിക വികാസത്തിന് ഉതകുംവിധം കൗമാര മനസ്സുകളെ പാകപ്പെടുത്തുകയും ചെയ്യുക, കൗമാരത്തെ ക്രിയാത്മക ഘട്ടമായി മാറ്റാനുതകുന്ന പ്രവർത്തനങ്ങൾ നടത്തുക, നല്ല സാമൂഹ്യ ജീവിയായ വ്യക്തികളെ വാർത്തെടുക്കുക തുടങ്ങിയവയാണ് ടീൻസ് ക്ലബ്ബിന്റെ ലക്ഷ്യങ്ങൾ

| പ്രവർത്തനം | സമയം | പിന്തുണ |
|---|---|---|
| # ക്ലാസ് കൗൺസിൽ രൂപീകരണം<br>സ്കൂൾ കൗൺസിൽ രൂപീകരണം<br># അന്താരാഷ്ട്ര ലഹരിവിരുദ്ധദിനം-ലഹരി വിരുദ്ധ ബാനർ നിർമ്മാണം | ജൂൺ | |
| # സ്വയം തിരിച്ചറിയാം, ജീവിത നൈപുണികൾ മോട്ടിവേഷൻ ക്ലാസുകൾ | ജൂലൈ | |
| # കൗമാര വിദ്യാഭ്യാസ ക്ലാസ് | ആഗസ്റ്റ് | |
| ആവർത്തവ കാല ശുചിത്വ ബോധവൽക്കരണ ക്ലാസ് | സെപ്റ്റംബർ | |
| # വൈകാരിക സുസ്ഥിതി ക്ലാസ്<br>മൈക്രോഗ്രീൻ കൃഷി | ഒക്ടോബർ | |
| # രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്, | നവംബർ | |
| # ആരോഗ്യവും ആഹാരവും ( പോഷകാഹാരത്തെ കുറിച്ചുള്ള ക്ലാസ്സ് ) | ഡിസംബർ | |
| # പരിസര ശുചീകരണം | ജനുവരി | |
| # യോഗ പരിശീലനം | ഫെബ്രുവരി | |
| # പാഴ് വസ്തു ക്കളിൽ നിന്നും കര കൗശല വസ്തുക്കളുടെ നിർമ്മാണം | മാർച്ച് | |

| | | |
|---|---|---|
| # ടീൻസ് ഡേ ആഘോഷം | | |

## ഹെൽത്ത് ക്ലബ്

| പ്രവർത്തനം | സമയം | പിന്തുണ |
|---|---|---|
| # സ്കൂൾ Health ക്ലബ് രൂപീഎകരണം, ചുമതല വിഭജനം നല്ല ആരോഗ്യശീലം -ക്ലാസ്സ് | ജൂൺ | |
| # ഹെൽത്ത് നേതൃത്വത്തിൽ സ്കൂളിലെ വിദ്യാർത്ഥികളുടെ ആരോഗ്യ നില ഓരോ മാസവും പരിശോധിച്ചു റിപ്പോർട്ട് ചെയ്യുന്നു | ജൂലൈ | |
| # വീട്ടിൽ ഒരു പച്ചക്കറി തോട്ടം - ജൈവ കൃഷി പ്രോത്സാഹനം,ജൈവ ഭക്ഷണ ശീലം-ഡിബേറ്റ് | ആഗസ്റ്റ് | |
| # ഹെൽത്ത് നേതൃത്വത്തിൽ സ്കൂളിലെ വിദ്യാർത്ഥികളുടെ ബ്ലഡ് ഗ്രൂപ്പ് കണ്ടുപിടിച്ചു നൽകുന്നു, റിപ്പോർട്ട് ചെയ്യുന്നു | സെപ്റ്റംബർ | |
| # "രക്ത ദാനം മഹാദാനം " പോസ്റ്റർ നിർമ്മാണ മത്സരം വൈകാരിക സുസ്ഥിതിയുമായി ബന്ധപ്പെട്ട ക്ലാസ്സ് | ഒക്ടോബർ | |
| # യോഗ പരിശീലനം | നവംബർ | |
| # എയിഡ്സ് ദിനവുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണ മത്സരം | ഡിസംബർ | |
| # ആരോഗ്യ പരിപാലനം ക്ലാസ് | ജനുവരി | |

| | | |
|---|---|---|
| # മാനസിക ആരോഗ്യം -ക്ലാസ്<br># സ്കൂളിലെ വിദ്യാർത്ഥികളുടെ ആരോഗ്യ നില-പഠന റിപ്പോർട്ട് സമർപ്പണം<br><br># ശാരീരിക സുസ്ഥിതി ക്ലാസ്സ് | ഫെബ്രുവരി<br><br>മാർച്ച് | |

## പരിസ്ഥിതി ക്ലബ്

**പരിസ്ഥിതിയോടുള്ള സ്നേഹവും പരിസ്ഥിതി സംരക്ഷണവും കാർഷിക അവബോധവും വളർത്തുന്നതിനു പരിസ്ഥിതി ക്ലബ് മുൻതൂക്കം നൽകുന്നു.അതോടൊപ്പം വീടുകളിൽ പൂന്തോട്ടം പച്ചക്കറി തോട്ടം എന്നിവ നിർമിച്ചു പരിപാലിക്കാൻ സജ്ജരാക്കുന്നു.**

**പരിസ്ഥിതി സംരക്ഷണത്തിന് മുൻതൂക്കം നൽകി പ്രവർത്തിക്കുന്ന പരിസ്ഥിതിപ്പട എന്നതാണ് പരിസ്ഥിതി ക്ലബ്. ചുറ്റുപാടുകളെ അറിയുകയും പ്രകൃതിക്കു കോട്ടം തട്ടാത്ത വിധത്തിൽ നമ്മുടെ പരിസ്ഥിതിയോട് ഉൾ ചേർന്നു ജീവിക്കുവാൻ വിദ്യാർത്ഥികളെ പാകപ്പെടുത്തുകയും പരിസ്ഥിതി ക്ലബ്ബിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നു**

| **പ്രവർത്തനം** | **സമയം** | **പിന്തുണ** |
|---|---|---|
| # പരിസ്ഥിതി ക്ലബ് രൂപീഎകരണം, ചുമതല വിഭജനം പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ടു കൊളാഷ് നിർമ്മാണം, പോസ്റ്റർ നിർമ്മാണം "സമുദ്രവും ലോക പരിസ്ഥിതിയും" എന്ന വിഷയത്തെ ആസ്പദമാക്കി | ജൂൺ | |

| | | |
|---|---|---|
| ഉപന്യാസ രചനാ മത്സരം<br>സ്കൂളിലെ കുളം വൃത്തിയാക്കി ഗപ്പി വളർത്തുന്നു | | |
| # "എൻ്റെ സ്കൂളും പരിസരവും എൻ്റെ ലോകം"-സ്കൂളും പരിസരവും മാലിന്യ മുക്തമാക്കൽ<br>"പ്രകൃതി സംരക്ഷണവും വികസനവും"- ഡിബേറ്റ്<br>മഴയെ അറിയാൻ -മഴ നടത്തം | ജൂലൈ | |
| # മനുഷ്യനും വന്യജീവികളും - ചിത്ര രചന മത്സരം<br>കർഷക ദിനവുമായി ബന്ധപെട്ടു നമ്മുടെ നാട്ടിലെ മുതിർന്ന കർഷകനെ സന്ദർശിച്ച് അവരുടെ കൃഷിയും ഇപ്പോൾ വന്നിട്ടുള്ള മാറ്റങ്ങളും ചോദിച്ചറിഞ്ഞു റിപ്പോർട്ട് തയ്യാറാക്കുന്നു | ആഗസ്റ്റ് | |
| # ഓസോൺ ദിനവുമായി (16)ബന്ധപ്പെട്ട് ചിത്രരചന മത്സരം, പോസ്റ്റർ നിർമ്മാണ മത്സരം<br>പ്രകൃതി സൗഹൃദ ദിനം(28)-ക്വിസ് മത്സരം | സെപ്റ്റംബർ | |
| # വന്യജീവി സംരക്ഷണ ദിനം (2) -വന്യജീവികളും മനുഷ്യനും - ഉപന്യാസ രചന മത്സരം | ഒക്ടോബർ | |
| # ഗപ്പി വളർത്തുന്നതിന്റെ പ്രാധാന്യത്തെ കുറിച്ച് സ്കൂൾ അസ്സംബ്ലിയിൽ അവതരണം<br>ഗപ്പി സ്കൂളിലെ വിദ്യാർത്ഥികൾക്ക് നൽകുന്നു | നവംബർ | |
| # മൈക്രോ ഗ്രീൻ -ആവശ്യകത - ക്ലാസ്<br>മൈക്രോ ഗ്രീൻ കൃഷി | ഡിസംബർ | |

| | | |
|---|---|---|
| # പരിസ്ഥിതിയുമായി ബന്ധപ്പെട്ട ചോദ്യോത്തരങ്ങൾ ഗ്രൂപ്പ് തിരിഞ്ഞു കണ്ടെത്തുന്നു , കൈമാറി പഠിക്കുന്നു | ജനുവരി | |
| # പരിസ്ഥിതിയുമായി ബന്ധപ്പെട്ട ചോദ്യോത്തരങ്ങൾ ഗ്രൂപ്പ് തിരിഞ്ഞു കണ്ടെത്തുന്നു , കൈമാറി പഠിക്കുന്നു<br>കാലാവസ്ഥ വ്യതിയാനവും കൃഷിയും -ക്ലാസ് | ഫെബ്രുവരി | |
| # പരിസ്ഥിതി ക്വിസ് | മാർച്ച് | |

## ശുചിത്വ ക്ലബ്

| പ്രവർത്തനം | സമയം | പിന്തുണ |
|---|---|---|
| # ഓരോ ക്ലാസ്സിലെയും ശുചിത്വ ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾ ക്ലാസ്സ് റൂമും വരാന്തയും എല്ലാദിവസവും വൃത്തിയാക്കുന്നതിനായി ക്ലാസ്സ് അദ്ധ്യാപകർ കുട്ടികളെ<br># ഗ്രൂപ്പുകളായി തിരിക്കുന്നു. ഓരോ ക്ലാസുകാരും അവർ ഉപയോഗിക്കുന്ന ടോയ്ലറ്റ് ആഴ്ചയിൽ രണ്ടുദിവസം വൃത്തിയാക്കുന്നു | ജൂൺ | |
| # ക്ലാസ്സ്റൂമുകളിൽ പ്ലാസ്റ്റിക്, പേപ്പർ ( ജൈവ -അജൈവ ) മാലിന്യങ്ങൾ തരം തിരിച്ചു നിക്ഷേപിക്കുന്നതിന്റെ പ്രാധാന്യത്തെകുറിച്ച് കുട്ടികളെ ബോധവന്മാരാക്കുന്നു | ജൂലൈ<br>ആഗസ്ത് | |

| | | |
|---|---|---|
| # സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട് സ്കൂളും പരിസരവും വൃത്തിയാക്കുന്നു | സെപ്റ്റംബർ | |
| # കുട്ടികൾ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് പോലുള്ള വസ്തുക്കൾ സ്കൂളിൽ നിക്ഷേപിക്കാതെ തിരികെ വീട്ടിലേക്ക് തന്നെ കൊണ്ടുപോവുന്ന ഒരു പദ്ധതി നടപ്പിലാക്കുന്നു. | ഒക്ടോബർ | |
| # ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട് കുട്ടികൾ സ്കൂളും പരിസരവും വൃത്തിയാക്കുന്നു. | നവംബർ | |
| വ്യക്തിശുചിത്വവുമായി ബന്ധപ്പെ ബോധവത്ക്കരണ ക്ലാസ്സ് നൽകുന്നു | ഡിസംബർ | |
| # പരിസരശുചിത്വം എന്ന വിഷയത്തെ അടിസ്ഥാനമാക്കി പോസ്റ്റർ രചനാമത്സരം സംഘടിപ്പിക്കുന്നു. | ജനുവരി | |
| # വിദ്യാഭ്യാസം പോലെ തന്നെ പ്രധാനമാണ് ആരോഗ്യവും ശുചിത്വവും എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രസംഗമത്സരം HS - UP തലത്തിൽ നടത്തുന്നു. | ഫെബ്രുവരി | |
| # ശുചിത്വക്ളബിന്റെ നേതൃത്വത്തിൽ വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയുടെ പ്രാധാന്യം വിശദമാക്കുന്ന പോസ്റ്ററുകൾ സ്കൂളിൽ സ്ഥാപിക്കുന്നു | മാർച്ച് | |
| # ക്ഷയരോഗദിനചരണവുമായി ബന്ധപ്പെട്ട് ബോധവത്കരണ പരിപാടി സംഘടിപ്പിക്കുന്നു | | |

# ഉപസംഹാരം

വിദ്യാലയത്തിന്റെ സവിശേഷതകൾക്ക് ഇണങ്ങും വിധമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ആവശ്യാധിഷ്ഠിതവും അവകാശാധിഷ്ഠിതവുമായാണ് അക്കാദമിക മാസ്റ്റർപ്ലാൻ ഡിസൈൻ ചെയ്തിട്ടുള്ളത് . സമൂഹത്തിന്റെ വിവിധ തട്ടുകളിൽ പ്രവർത്തിക്കുന്നവർ ഒന്നിച്ചിരുന്ന് തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ നവ കേരള സൃഷ്ടിക്കുള്ള ആദ്യ ചുവടുവയ്പ്പാണ്. വിദ്യാലയത്തിന്റെ നാളെയെക്കുറിച്ചുള്ള സമൂഹത്തിന്റെ ആഗ്രഹങ്ങളും അഭിലാഷങ്ങളും അക്കാദമിക മാസ്റ്റർ പ്ലാനിൽ പ്രതിഫലിക്കുന്നുണ്ട്.

വിദ്യാഭ്യാസസാസൂത്രണം അക്കാദമിക വിദഗ്ധർ മാത്രം കൈകാര്യം ചെയ്തിരുന്ന സ്ഥിതി മാറി സാധാരണമനുഷ്യർക്ക് തങ്ങളുടെ കുട്ടികൾ ആർജ്ജിക്കേണ്ടത് എന്തുതരം വിദ്യാഭ്യാസമെന്ന് നിശ്ചയിക്കാനും നിർണയിക്കാനുമുള്ള അവസരം നൽകിയാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത് . വിദ്യാലയത്തിലെത്തിച്ചേരുന്ന ഓരോ കുട്ടിയുടേയും ഗുണമേന്മാ വിദ്യാഭ്യാസമെന്ന അവകാശം ഉറപ്പുവരുത്തുന്നതിനുള്ള കർമ്മപരിപാടികളും അവ സമയബന്ധിതമായി നടപ്പാക്കുമെന്ന ഉറപ്പുനൽകലും വിദ്യാലയത്തിന്റെ പ്രകടന പത്രികയാണ്.ജനകീയ ഇടപെടലിലൂടെ പ്രശ്നങ്ങൾ കണ്ടറിഞ്ഞു പരിഹരിക്കുകയെന്ന ശാസ്ത്രീയമായ നിലപാടാണ് ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ളത്.അടിസ്ഥാന സൗകര്യ വികസനത്തിന് കലവറയില്ലാത്ത പിന്തുണയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സർക്കാർ ഉറപ്പാക്കിയിട്ടുള്ളത്.

പോഷകാഹാരം, ലഹരിയിൽ നിന്നുള്ള വിമുക്തി, പാരിസ്ഥിതികാവബോധത്തിൽ ഊന്നിയുള്ള വികസന സങ്കൽപ്പം , ഹരിതനിയമാവലി അനുസരിച്ചുള്ള ജീവതക്രമം

ചിട്ടപ്പെടുത്തൽ , കണ്ടെത്തൽ പഠനം, സഹവർത്തിത പഠനം , സർഗ്ഗാത്മക പോഷണത്തിനും കായിക മികവിനും ,കായിക ക്ഷമത ഉറപ്പാക്കാനുള്ള കലാകായിക പഠനം, കമ്പ്യൂട്ടർ അധിഷ്ഠിത പഠനം എന്നിങ്ങനെ ബഹുമുഖവും വിപുലവുമായ പദ്ധതികളാണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾച്ചേർത്തിരിക്കുന്നത്